# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2990** | **07.12.2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡ് നൽകൽ ആരോഗ്യ പരിരക്ഷ എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്.<br>അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തിവിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. 29.11.2018 തീയതി വരെ 3,28,336 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 55430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികൾക്കും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1,481 | 168 |
| 2 | അരുണാചൽ പ്രദേശ് | 399 | 61 |
| 3 | ആസ്സാം | 48,539 | 6076 |
| 4 | ബീഹാർ | 32,291 | 5275 |
| 5 | ഛത്തീസ്ഗഡ് | 1340 | 46 |
| 6 | ഗോവ | 25 | - |
| 7 | ഗുജറാത്ത് | 161 | 13 |
| 8 | ഹരിയാന | 114 | 22 |
| 9 | ഹിമാചൽ പ്രദേശ് | 76 | 2 |
| 10 | ജമ്മു & കാശ്മീർ | 319 | 2 |
| 11 | ഝാർഖണ്ഡ് | 16,240 | 1504 |
| 12 | കർണ്ണാടക | 5,910 | 3990 |
| 13 | മദ്ധ്യപ്രദേശ് | 2,505 | 371 |
| 14 | മഹാരാഷ്ട്ര | 691 | 48 |
| 15 | മണിപ്പൂർ | 387 | 20 |
| 16 | മേഘാലയ | 337 | - |
| 17 | മിസ്സോറാം | 45 | - |
| 18 | നാഗാലാന്റ് | 294 | 36 |
| 19 | ഒഡീഷ | 36,388 | 8547 |
| 20 | പഞ്ചാബ് | 183 | 7 |
| 21 | രാജസ്ഥാൻ | 1950 | 206 |
| 22 | സിക്കിം | 66 | - |
| 23 | തമിഴ്നാട് | 27147 | 1467 |
| 24 | തെലുങ്കാന | 162 | - |
| 25 | ത്രിപുര | 718 | 13 |
| 26 | ഉത്തർപ്രദേശ് | 12299 | 1274 |
| 27 | ഉത്തരാഖണ്ഡ് | 728 | 199 |
| 28 | പശ്ചിമബംഗാൾ | 1,36,846 | 26040 |
| 29 | | ഡൽഹി-334<br>മറ്റുള്ളവ-361 | ഡൽഹി- 41<br>ആൻഡമാൻ & നിക്കോബാർ - 2 |
| | **ആകെ** | **328336** | **55430** |

സെക്ഷൻ ഓഫീസർ.